**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4245** **28-10-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരിയിലെ മിനി സിവിൽ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരിയിലെ പറമ്പിൻ മുകളിൽ നിർമ്മിക്കുന്ന ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷന് വാഹന പാർക്കിംഗ് ഉൾപ്പെടെയുള്ള അനുബന്ധ നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ സ്ഥലമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ബാലുശ്ശേരി പറമ്പിൻ മുകളിൽ വ്യവസായ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഡിസ്ട്രിക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ അൺഡവലപ്പ്ഡ് ഏരിയയിൽ വരുന്ന ഭൂമി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി വിട്ടുകൊടുക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയ്ക്കായുള്ള ബാലുശ്ശേരി എം.എൽ.എ യുടെ അപേക്ഷ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിസ്ട്രിക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 29/07/2021 ലെ ഭരണസമിതി തീരുമാനപ്രകാരം ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഒഴിവുള്ള സ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റുമടങ്ങുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിലവിൽ നിർവ്വാഹമില്ല. |
| (സി) | പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനായി വ്യവസായ വകുപ്പിന് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (സി) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥല ലഭ്യതയ്ക്കായുള്ള ബാലുശ്ശേരി എം.എൽ.എ യുടെ അപേക്ഷ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഡിസ്ട്രിക് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്-കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 29/07/2021 ലെ ഭരണസമിതി തീരുമാനപ്രകാരം ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ നിലവിൽ ഒഴിവുള്ള സ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്ന രീതിയിൽ വ്യാവസായികാവശ്യത്തിനുള്ള കെട്ടിടം |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനാവശ്യമായ പ്ലാനും എസ്റ്റിമേറ്റുമടങ്ങുന്ന പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കോഴിക്കോട് പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിലവിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ